പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1166 | 31.10.2019- ൽ മറുപടിക്ക്

**കുറുകോട്ട പാലത്തിന്റെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2016-2017 ലെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ കുറുകോട്ട ദ്വീപിൽ നിന്നും വട്ടുതല ഭാഗത്തുള്ള സെന്റ് പീറ്റേഴ്സ് റോഡുമായി ബന്ധിപ്പിക്കുന്ന കുറുകോട്ട പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;<br><br>(ബി) നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ളകാരണം വ്യക്തമാക്കാമോ; | (എ) & (ബി) കുറുകോട്ട പാലത്തിന്റെ ഡിസൈൻ ലഭിച്ച പ്രകാരം, നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് വട്ടുതല ഭാഗത്ത് ഏകദേശം 200 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും സ്ഥലം ആവശ്യമാണ്. വട്ടുതല ഭാഗത്ത് പ്രദേശവാസികളുടെ എതിർപ്പ് മൂലം ഒരു ബോർ ഹോളിന്റെ ഡീറ്റെയിൽസ് മാത്രമേ മണ്ണ് പരിശോധന സമയത്ത് എടുത്തിട്ടുള്ളു. TGD പ്രകാരം വട്ടുതല ഭാഗത്ത് 3 ലാൻഡ് സ്പാനുകളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ലാൻഡ് സ്പാൻ കഴിഞ്ഞ് Existing road level എത്തുന്നതിന് ഏകദേശം 80.00 മീ. ഓളം Embankment length വരും. ഇത് ഉൾപ്പെടെ 5 പോയിന്റിൽ ബോർ ഹോൾ ഡീറ്റെയിൽസ് അധികമായി എടുക്കാൻ ഡിസൈൻ വിഭാഗത്തിൽ നിന്നും നിർദ്ദേശിച്ചതനുസരിച്ച് 5 പോയിന്റിൽ Confirmatory bore hole details എടുക്കുന്നതിനും Traffic volume survey നടത്തുന്നതിനും Cost benefit analysis report തയ്യാറാക്കുന്നത് ഉൾപ്പെടെ 7,60,000/- രൂപയുടെ അഡീഷണൽ എസ്റ്റിമേറ്റ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി ലഭിച്ചു. ഇതിന്റെ ടെണ്ടർ വിളിച്ചു. പെരുമാറ്റചട്ടം നിലനിന്നതിനാൽ കരാർ ഉടമ്പടി ചെയ്തിട്ടില്ല. കരാർ ഉടമ്പടി വെയ്ക്കുന്നമുറക്ക് വട്ടുതല ഭാഗത്ത് മണ്ണ് പരിശോധന നടത്തി വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർക്ക് (ഡിസൈൻ) സമർപ്പിച്ച് ഡിസൈൻ ലഭിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (സി) | അപ്രോച്ച് റോഡിനായി ഏറ്റെടുക്കേണ്ട സ്ഥലം എത്രയെന്നും ഇതിനായി സ്വീകരിച്ചിട്ടുളള നടപടികൾ എന്തെന്നും വിശദമാക്കാമോ? | (സി) | വടുതല ഭാഗത്ത് ഏകദേശം 50 സെന്റും കുറുങ്കോട്ട ഭാഗത്ത് ഏകദേശം 120 സെന്റ് സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ വടുതല ഭാഗത്ത് ജനങ്ങൾ തിങ്ങി പാർക്കുന്നതും നിലവിലുള്ള റോഡിന് ഏകദേശം 5.50 മീറ്റർ മാത്രം വീതിയുള്ളതുമാണ്. വളരെയധികം വീടുകളെ ബാധിക്കുമെന്നുള്ളതുകൊണ്ട് പരിസര വാസികളുടെ എതിർപ്പ് മൂലം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ